# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറമറ്റം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി8 - 582/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/09/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറമറ്റം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി8 - 582/2021 തീയ്യതി: 29/09/2021

## പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റെയ്ച്ചൽ ബോബൻ | പ്രസിഡന്റ് | 01-04-2020 | 23-06-2020 |
| ശ്രീ. വിനീത് കുമാർ | പ്രസിഡന്റ് | 24-06-2020 | 14-07-2020 |
| ശ്രീ. ഈപ്പൻ പോൾ | പ്രസിഡന്റ് | 15-07-2020 | 21-07-2020 |
| ശ്രീമതി ജോളി ജോൺ | പ്രസിഡന്റ് | 22-07-2020 | 04-08-2020 |
| ശ്രീമതി ഏലിയാമ്മ വർഗ്ഗീസ് | പ്രസിഡന്റ് | 05-08-2020 | 12-11-2020 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 13-11-2020 | 29-12-2020 |
| ശ്രീമതി സൗമ്യ വിജയൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. കുമാർ ബി പി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അലക്സാണ്ടർ എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. സുരേഷ് ബാബു ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി ശ്രീലത പി ബി | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ഡോ. പ്രേമാ ജോർജ്ജ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ. സുനിൽകുമാർ കെ വി | പ്രധാനാദ്ധ്യാപകൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സുജ ജയപാൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി സബിത വി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2020 | 31-03-2021 |
| ശ്രീമതി ലത മേരി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| തോമസ് | | | |
| ഡോ. കിരൺ | വെറ്ററിനറി സർജൻ | 01-04-2020 | 28-01-2021 |
| ഡോ. വിനി | വെറ്ററിനറി സർജൻ | 29-01-2021 | 26-02-2021 |
| ഡോ. ശ്രീജിത്ത് | വെറ്ററിനറി സർജൻ | 27-02-2021 | 31-03-2021 |
| ഡോ. പ്രിയേഷ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീ. ജിമ്മി ദാസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2 | 01-04-2020 | 13-09-2020 |
| ശ്രീ. ശ്യാംകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2 | 14-09-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Arun S Nair (Asst. Audit Officer, On 15-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 17-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 29-08-2021)<br>Last Updated By: Johncy John (Computer Assistant, On 15-09-2021) | 1-5 |
| 6 | പദ്ധതികൾ നടപ്പാക്കാതിരുന്നത് മൂലം പഞ്ചായത്തിന് നഷ്ടമായത് 51.76 ലക്ഷം<br>Written By: Arun S Nair (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 26-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 15-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: SINDHUMOL V N (Auditor, On 26-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 15-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-10 |
| 12 | കാലാവധികഴിഞ്ഞ നിരതദ്രവ്യം / ലേലതുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-11 |
| 13 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട വാടക - അപാകതകൾ<br>Written By: Asha M Kuruvilla (Auditor, On 26-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-12 |
| 14 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിന്നും വാടക ഈടാക്കുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 26-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-09-2021) | 1-12-1 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല<br>Written By: Asha M Kuruvilla (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-13 |
| 16 | സർക്കാർ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല<br>Written By: Asha M Kuruvilla (Auditor, On 31-08-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | |
| 17 | പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ - ഒരു വിലയിരുത്തൽ<br>Written By: Arun S Nair (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-15 |
| 18 | റോഡുകളുടെ സംരക്ഷണം<br>Written By: Arun S Nair (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-15-1 |
| 19 | കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം<br>Written By: Arun S Nair (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-15-2 |
| 20 | മാലിന്യ സംസ്ക്കരണം<br>Written By: Arun S Nair (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-15-3 |
| 21 | പഞ്ചായത്ത് വക ഭൂമിയുടെ സംരക്ഷണം<br>Written By: Arun S Nair (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-15-4 |
| 22 | എസ്.എസ്.എ-വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: Lekha Janardhanan (Senior Grade Auditor, On 12-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-16 |
| 23 | അഗതി രഹിത കേരളം പദ്ധതി - ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നു<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-17 |
| 24 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടുകൾ തിരിച്ചടച്ചില്ല<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-18 |
| 25 | മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Arun S Nair (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-19 |
| 26 | മരുന്നു വാങ്ങൽ പദ്ധതി- മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം<br>Written By: Asha M Kuruvilla (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-20 |
| 27 | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 27-08-2021)<br>Last Updated By: Johncy John (Computer Assistant, On 30-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-3 |

| | | |
|---|---|---|
| 4 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 15-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 15-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 27-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 28-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 28-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 15-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്.

27.3.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19.02.2021-ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 31.05.2021 – ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.ഷെഡ്യൂൾ B11 :- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമാണോ എന്നത് പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

2.ഷെഡ്യൂൾ B14 :- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. I-1, RP-43, B15 :- വസ്തു നികുതി വരവ്, ചെലവ്, നീക്കിയിരിപ്പ്-സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5.Schedule B4- Beneficiary Contribution – രേഖകൾ ഹാജരാക്കാതിരുന്നതുമൂലം ഷെഡ്യൂൾ പ്രകാരമുള്ള 6955 രൂപയുടെ കൃത്യത ഉറപ്പാക്കാലായില്ല.
6. Capital Work In Progress – അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തൻ വർഷം 413105 രൂപയാണ് Part Payment ആയി നൽകിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഇത് 485904 രൂപയാണ്.

7.Schedule B9- Employee Liabilities – Pension Contribution Payable- 102967 തുകയുടെ കൃത്യത രേഖകളുടെ അഭാവത്തിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

8.തൊഴിലുറപ്പ് പദ്ധതി- വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10654068 |
| വരവ് | 48123136 |
| ആകെ | 58777204 |
| ചെലവ് | 48033425 |
| നീക്കിയിരിപ്പ് | 10743779 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിൽ | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 7822125 | 7822125 | 7821944 | 181 | 0 | 181 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4365000 | 4365000 | 3743671 | 621329 | 0 | 621329 |
| വികസനഫണ്ട് (റ്റി.എസ്സ്.പി) | 0 | 51000 | 51000 | 0 | 51000 | 0 | 51000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 0 | 5778371 | 5778371 | 3871584 | 1906787 | 0 | 1906787 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 3040000 | 3040000 | 1911868 | 1128132 | 0 | 1128132 |

| | | | | | | | |
|---|---|---|---|---|---|---|---|
| (CFC-Tied) | | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 3456681 | 3456681 | 2536874 | 919807 | 0 | 919807 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3973000 | 3973000 | 3423619 | 549381 | 0 | 549381 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഫണ്ട് | 34135 | 0 | 34135 | 34135 | 0 | | |
| സാക്ഷരത | 2069 | 0 | 2069 | 0 | 2069 | | |
| ഇ- സാക്ഷരത | 100000 | 0 | 100000 | 0 | 100000 | | |
| വിമുക്തി | 25000 | 0 | 25000 | 0 | 25000 | | |
| മികച്ച പഞ്ചായത്തിനുള്ള അവാർഡ് | 124177 | 0 | | 0 | 124177 | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| എം.ജി.എൻ.ആർഇ..ജി.എസ് | 201725 | 13382241 | 13583966 | 13562647 | 21319 | | |
| ഐ.സി.ഡി.എസ്. | 62552 | 482401 | 544953 | 471908 | 73045 | | |
| റ്റി.എസ്സ്.സി | 510230 | 1615783 | 2126013 | 684635 | 1441378 | | |
| എസ്സ്.എസ്സ്.എ | 26094 | 717 | 26811 | 0 | 26811 | | |
| സോളിഡ് വേസ്റ്റ് | 34135 | 0 | 34135 | 34135 | 0 | | |
| ശുചിത്വ മിഷൻ | 1407284 | 0 | 1407284 | 0 | 1407284 | | |

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വികസന ഫണ്ട്(ജനറൽ)- ലൈഫ് ഭവന പദ്ധതിയുടെ ലോൺ തിരിച്ചടവ്, അങ്കണവാടി ജീവനക്കാർക്കുള്ള അധിക പ്രതിഫലം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗഡുവിന്റെ വിവരം | അലോട്ട്മെന്റ് പ്രകാരമുള്ള തുക | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് |
|---|---|---|---|---|
| | | അങ്കണ വാടി ജീവനക്കാരുടെ പ്രതിഫലം | ലൈഫ് ഭവന പദ്ധതി | |
| ഒന്നാം ഗഡു | 2541700 | 248200 | | 2293500 |
| രണ്ടാം ഗഡു | 1270850 | | | 1270850 |
| രണ്ടാം ഗഡു രണ്ടാം വിഹിതം | 822750 | 248200 | 117020 | 457530 |
| മൂന്നാം ഗഡു | 2317700 | 248200 | 117019 | 1952481 |
| അധിക വിഹിതം | 869125 | | | 869125 |
| ആകെ | 7822125 | 744600 | 234039 | 6843486 |

2. 1. വികസന ഫണ്ട്(എസ്സ്.സി.പി)- ലൈഫ് ഭവന പദ്ധതിയുടെ ലോൺ തിരിച്ചടവ്, ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗഡുവിന്റെ വിവരം | അലോട്ട്മെന്റ് പ്രകാരമുള്ള തുക | ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് |
|---|---|---|---|

| | | | |
|---|---|---|---|
| ഒന്നാം ഗഡു | 1455000 | 0 | 1455000 |
| രണ്ടാം ഗഡു | 727500 | 0 | 727500 |
| രണ്ടാം ഗഡു രണ്ടാം വിഹിതം | 727500 | 29333 | 698167 |
| മൂന്നാം ഗഡു | 1455000 | 29334 | 1425666 |
| ആകെ | 4365000 | 58667 | 4306333 |

3. ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും തൻവർഷം 413105 രൂപ ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു. വട്ടക്കോട്ടാൽ യു.പി.എസ്സിന് ടോയ് ലറ്റ് നിർമ്മാണത്തിനായി ചെലവഴിച്ച തുക കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. ടി തുക കേന്ദ്രാവിഷ്കൃത ഫണ്ടിൽ ഉൾപ്പെടുത്തേണ്ടതിനു പകരം തെറ്റായി സംസ്ഥാനാവിഷ്കൃത ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ റ്റി.എസ്സ്.സി ഫണ്ടിൽ നിന്നും 24960 രൂപ ചെലവഴിച്ചു. ടി തുക പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ആയതു കൊണ്ടു തന്നെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 179 | 62297341 | 138 | 35373523 | 41 | 56.78 |

പഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും വികസന ഫണ്ടും (ജനറൽ), റോഡ് സംരക്ഷണ ഫണ്ടും പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചത് പ്രശംസനീയമാണ്. എങ്കിലും പരമ്പരാഗത പ്രോജക്റ്റുകൾക്ക് ഉപരിയായി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന നൂതന പ്രോജക്റ്റുകൾ നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

2. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണക്കാക്കി പദ്ധതി ആസൂത്രണം നടത്തണമെന്ന തത്വം പാലിക്കപ്പെട്ടിട്ടില്ല. മിക്ക പ്രോജക്റ്റുകളും (ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും) വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളത്.

3. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് സർക്കാർ നൽകുന്ന റ്റി.എസ്.പി ഫണ്ടിൽ ചെലവ് നടന്നിട്ടില്ല. ആവിഷ്കരിച്ച രണ്ട് പ്രോജക്റ്റുകളും നടപ്പിലാക്കിയിട്ടില്ല. എസ്.സി.പി ഫണ്ട് ഉല്പാദന മേഖലയെ അവഗണിച്ച് പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളത് സേവന, പശ്ചാത്തല മേഖലകളിൽ മാത്രമാണ്. വിദ്യാഭ്യാസ മേഖലയിലോ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്നതിന് ഉതകുന്ന പ്രോജക്റ്റുകളിൽ നടപ്പിലാക്കുന്നത് പരിഗണിക്കാവുന്നതാണ്.

4. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കാവുന്ന സേവന ഉത്പാദന മേഖലയിൽ പ്രോജക്റ്റുകൾക്ക് ഒന്നും ആവിഷ്കരിച്ചിച്ചില്ല.പദ്ധതി മാർഗ്ഗരേഖയിലെ വനിത ഘടക പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായി അവഗണിക്കപ്പെട്ടു.

## 1-5-1 പദ്ധതികൾ നടപാപാക്കാതിരുന്നത് മൂലം പഞ്ചായത്തിന് നഷ്ടമായത് 51.76 ലക്ഷം

സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാത്തതുമൂലം പഞ്ചായത്തിന് വിവിധയിനം ഫണ്ടുകളിലായി 51.76 ലക്ഷം രൂപ നഷ്ടപ്പെട്ടു. ഫണ്ടുകളും അവയുടെ ചെലവും സംബന്ധിച്ച വിശദാംശങ്ങളും താഴെ ചേർക്കുന്നു.

| ഫണ്ട് ഇനം | വരവ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7822125 | 7822044 | 81 | 99.99 |
| വികസന ഫണ്ട് (എസ്.സി.പി) | 4365000 | 3743671 | 621329 | 85.76 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് (റ്റി.എസ്.പി) | 51000 | 0 | 51000 | 0.00 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 3040000 | 1911868 | 112832 | 62.89 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 5778371 | 3871584 | 1906787 | 67.00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3456681 | 2536874 | 919807 | 73.40 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3973000 | 3423619 | 549381 | 86.17 |
| | 28486177 | 23309660 | 5176517 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 201724.82 | 616594 | 818318.82 | 800000 | 18318.82 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12575647 | 12575647 | 12575647 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 190000 | 190000 | 187000 | 3000 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 19304900 | 1551 |
| വിധവാ പെൻഷൻ | 5802000 | 439 |
| കർഷക തൊഴിലാളി പെൻഷൻ | 1403200 | 111 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 2493800 | 123 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 199500 | 16 |
| തൊഴിൽ രഹിത വേതനം | 2880 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,657 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസിലെ പ്രവർത്തനം തൃപ്തികരമാണ്. ജനങ്ങൾക്ക് സമയബന്ധതമായി സേവനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിയുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിന് ISO 9001 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്, എന്നാൽ ഘടകസ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല.

അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി

സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

മിനിട്ട്സ്

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസത്തിലെ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുക, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയോ ചെയ്യുന്നില്ല. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട്സ് പരിശോധിച്ചതിലും അവരുടെ ചുമതലയിലുള്ള വിഷയങ്ങളിൽ പഞ്ചായത്തിന് ഗുണപരമായ ചർച്ചകൾ ഉണ്ടാകുന്നില്ല എന്ന് കണ്ടു.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ ശമ്പള വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. ഓഡിറ്റ് വർഷം പഞ്ചായത്ത് ആർജ്ജിച്ച ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്ററും സൂക്ഷിക്കപ്പെട്ടിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.2.2018 | 2012-13 മുതൽ 2016-17 വരെ | 7.4.2018 |
| പെർഫോമൻസ് ഓഡിറ്റ് | 17.1.2021 - 18.1.2021 | 9/2020 മുതൽ 12/2020 വരെ | 20.01.2021 |

## 1-11 കാലാവധികഴിഞ്ഞ നിരതദ്രവ്യം / ലേലതുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരികെ നൽകാതെ അവശേഷിക്കുന്നതായി കണ്ടു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. കാലാവധി കഴിഞ്ഞ പല ഡെപ്പോസിറ്റുകളും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ലെന്ന് വ്യക്തമായി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് തീയതി | ഇനം | തുക | രസീത് നമ്പർ/സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നം. |
|---|---|---|---|
| 18.02.2016 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 3772 | 11502500014 |
| 18.02.2016 | | 3800 | 11502500015 |
| 18.02.2016 | | 800 | 11502500016 |
| 18.02.2016 | | 7700 | 11502500017 |
| 18.02.2016 | | 10400 | 11502500018 |
| 26.11.2016 | | 1300 | 11602102366 |
| 22.02.2014 | | 11268 | 11302102185 |
| | | 39040 | |
| | | | |
| 26.02.2014 | സപ്ലേഴ്സ് ഇ.എം.ഡി | 3200 | 11302102242 |

| | | | |
|---|---|---|---|
| 07.03.2014 | | 272 | 11302102378 |
| 13.12.2016 | | 5000 | 11602102466 |
| 13.03.2017 | | 2250 | 11602103111 |
| 28.03.2017 | | 19000 | 90148100051 |
| 14.09.2017 | | 2000 | 117020101397 |
| 20.12.2017 | | 900 | 117020102955 |
| 16.01.2018 | | 1500 | 98656100033 |
| 16.01.2018 | | 1500 | 98656100043 |
| 09.03.2018 | | 4900 | 117020104309 |
| 09.08.2018 | | 2800 | 118020101324 |
| | | 43322 | |
| | | | |
| 01.03.2013 | ബിഡേഴ്സ് ഇ.എം.ഡി | 5000 | 11202101863 |
| 01.03.2013 | | 825 | 11202101866 |
| 11.03.2013 | | 1000 | 11202102033 |
| 20.03.2013 | | 20200 | 11202102332 |
| 20.03.2013 | | 210 | 11202102333 |
| 20.03.2013 | | 1800 | 11202102341 |
| 23.03.2013 | | 500 | 11202102444 |
| 26.03.2015 | | 300 | 11402103611 |
| 27.10.2016 | | 550 | 11602102041 |
| 28.08.2017 | | 1700 | 11602102959 |
| 27.03.2017 | | 300 | 11602103356 |
| 16.08.2017 | | 1000 | 117020101196 |
| 16.01.2018 | | 1500 | 117020103424 |
| 27.03.2018 | | 300 | 17020104785 |
| 27.03.2018 | | 550 | 117020104801 |
| | | 35735 | |
| | | | |
| 22.03.2017 | സപ്ലേഴ്സ് സെക്യൂരിറ്റി ഡിപ്പോസിറ്റ് | 2250 | 117020103256 |
| | | 2250 | |
| എല്ലാ ഇനങ്ങളിലുമായി ആകെ മുതൽ കൂട്ടുവാനുള്ള തുക | | ₹ 1,20,347 | |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും ഇത് കൃത്യമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട രേഖകളുടെ പരിപാലനവും തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും രജിസ്റ്ററുകളിൽ ഓരോ വർഷവും മുൻവർഷങ്ങളിലെ പിൻവലിക്കാത്ത തുകകൾ വർഷം തിരിച്ച് രേഖപ്പെടുത്തി ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മുകളിൽ പരാമർശിച്ചിരിക്കുന്ന പട്ടിക പ്രകാരമുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകയായ ₹ 1,20,347 തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>പൊതുമരാമത്ത് പ്രവൃത്തികളുടെ ഡിപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല</u>

പൊതുമരാമത്ത് പ്രവൃത്തികളുടെ ഡിപ്പോസിറ്റിനത്തിൽ കാലഹരണപ്പെട്ട ഡിപ്പോസിറ്റ് തുകകളുടെ കൃത്യത നിലവിൽ പരിശോധിക്കുന്നതിന് ഡിപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയില്ല. ഇപ്രകാരം ഒരു രജിസ്റ്റർ എൽ.എസ്.ജി.ഡി. വിഭാഗത്തിൽ സൂക്ഷിക്കുന്നില്ലായെന്ന് അന്വേഷണത്തൽ വ്യക്തമാക്കി കൃത്യമായ രേഖകളുടെ അഭാവത്തിൽ പരിഗണിക്കേണ്ടതും കാലഹരണപ്പെട്ട ഡിപ്പോസിറ്റുകൾ മുതൽ കൂട്ടുവാൻ സാധിക്കുന്നില്ലായെന്നതിനുപരി കരാറുകാർ സെക്യൂരിറ്റി ഡിപ്പോസിറ്റുകൾ കാലാവധി കഴിയുന്നതിനു മുൻപ് പിൻവലിക്കുന്നുണ്ടോയെന്നും ഒരു ഡിപ്പോസിറ്റ് തന്നെ ഒന്നിൽ അധികം പ്രവൃത്തികൾക്ക് സെക്യൂരിറ്റിയായി വയ്ക്കുന്നുണ്ടോയെന്നും (മറ്റു തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഈ ഡൊപ്പോസിറ്റുകൾ ഉപയോഗിക്കുവാനുള്ള സാദ്ധ്യതയും ഉണ്ട്.) പരിശോധിക്കുവാൻ സാധിക്കാതെ വരുന്നു. ഈ അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ഭരണസമിതി വേണ്ട നടപടി സ്വീകരിക്കേണ്ടതും രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-12 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട വാടക - അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട വാടക രജിസ്റ്ററും അനുബന്ധഫയലും പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-12-1 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിന്നും വാടക ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4 കടമുറികളിൽ നിന്നും നാളിതുവരെ വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | നിലവിൽ ഉപയോഗിക്കുന്ന വ്യക്തി/ യൂണിറ്റിന്റെ പേര് | |
|---|---|---|
| XIII/24 | സീനാ രാജു | ദീപം വെളിച്ചെണ്ണ യൂണിറ്റ് |
| XIII/25 | മായാ സജി | കൈരളി കറി പൗഡർ |
| XIII/26 | മീനുഭായി | സുപ്രഭാ കുടുംബശ്രീ |
| XIII/27 | സുജാകുമാരി | നവോദയാ കുടുംബശ്രീ |

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13 തീയതി 18.08.2021)-ന് കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുള്ള കടമുറികളിൽ നിന്നും വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് 12.01.2021-ലെ 6(1)-ാം കമ്മിറ്റി തീരുമാനിച്ചതായും ഇതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങൾക്ക് വാടക നിരക്ക് നിശ്ചയിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയിട്ടുള്ളതായും അറിയിച്ചു. എന്നാൽ നാളിതുവരെയും കെട്ടിടങ്ങൾക്ക് വാടക നിശ്ചയിച്ച് നൽകിയിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 7 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 4 ടവറുകളുടെ വസ്തുനികുതി 2013-14 മുതൽ ഈടാക്കിയിട്ടില്ല. ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | വാർഷിക വസ്തുനികുതി തുക |
|---|---|---|---|---|
| 1 | ബി.എസ്.എൻ. എൽ. | 3/262/A | 6.25 $M^2$ | ₹ 3798 |
| 2 | റിലയൻസ് കമ്യൂണിക്കേഷൻസ് ലിമിറ്റഡ് | 3/499/A | 17.9 $M^2$ | ₹ 9666 |
| 3 | ടവർ വിഷൻ ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് | 6/305/A | 77.44 $M^2$ | ₹ 62728 |
| 4 | ടവർ വിഷൻ ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് | 10/142/A | 56.25 $M^2$ | ₹ 37970 |

ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/24.08.2021), നികുതി

അടവാക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസ് 2019-20 വരെയുള്ളത് നൽകിയിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു. നിലവിൽ ടി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ നാളിതുവരെയുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-14 സർക്കാർ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് സർക്കാർ സ്ഥാപനങ്ങളും | നിർണ്ണയിച്ച വസ്തുനികുതി | അവസാനമായി നികുതി ഈടാക്കിയ വർഷം |
|---|---|---|---|---|
| 1 | 3/412 | അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസ് | 3182 | 2013-14 മുതലുള്ള നികുതി ഒടുക്കിയിട്ടില്ല |
| 2 | 4/357 | സബ് രജിസ്റ്റാർ ഓഫീസ് | 5200 | 2019-20 |
| 3 | 12/309 | തഹസീൽദാരുടെ കാര്യാലയം | 2520 | 2019-20 |

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (18/24.08.2021)-ന് അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസിന്റെ വസ്തു നികുതി പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചു. തുടർ നടപടികൾ ഊർജ്ജിതമാക്കി മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക നികുതി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ - ഒരു വിലയിരുത്തൽ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 166-ാം വകുപ്പിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നടപ്പിലാക്കേണ്ട അനിവാര്യ ചുമതലകൾ എന്തെല്ലാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചുമതലകൾ നിറവേറ്റുന്നതിൽ പഞ്ചായത്ത് ശ്രദ്ധിക്കുന്നുണ്ട്. സാംക്രമിക രോഗങ്ങൾ തടയൽ/നിർവ്യാപനം/പ്രതിരോധ പ്രവർത്തനങ്ങൾ, ലൈസൻസിംഗ്, പെർമിറ്റ് നൽകൽ, രജിസ്ട്രേഷൻ, ജനന-മരണ, വിവാഹ രജിസ്ട്രേഷൻ എന്നീ മേഖലകളിൽ മികച്ച സേവനം നൽകാൻ കഴിയുന്നുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർന്നും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ട മേഖലകൾ സംബന്ധിച്ചുള്ള വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

### 1-15-1 റോഡുകളുടെ സംരക്ഷണം

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. റോഡ് സംരക്ഷണ ഫണ്ട് ചെലവഴിക്കുന്നതിന് വേണ്ടി എല്ലാ വർഷവും ചെറിയ തുക വകയിരുത്തി നിരവധി റോഡ് സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ, വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് മൂലം ഒരു റോഡിന്റെ പൂർണ്ണമായ സംരക്ഷണം നടപ്പിലാക്കാൻ കഴിയാതെ പോകുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കി ഗ്രാമസഭയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളെ മുൻഗണന ക്രമത്തിൽ പരിഗണിച്ച് പഞ്ചായത്തിലെ റോഡുകളുടെ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

### 1-15-2 കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം

രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിലുള്ളത്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശത്തും ഇതുവരെ എത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ അധീനതയിൽ 5 പൊതു കിണറുകളും 3 കുഴൽ കിണറുമുണ്ട്. പൊതു കിണറുകൾ സംരക്ഷിക്കാത്തത് മൂലം ഇവ പൂർണ്ണമായി ഉപയോഗശൂന്യമായിരിക്കുകയാണ്. കുടിവെള്ള സ്രോതസ്സുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15-3 മാലിന്യ സംസ്കരണം

പഞ്ചായത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുണ്ടെങ്കിലും പതിമൂന്ന് വാർഡുകളിലുമായി ആകെ 22 സേനാംഗങ്ങൾ മാത്രമാണുള്ളത്. യൂസർ ഫീസ് നിശ്ചയിച്ചിട്ടുണ്ടെങ്കിലും (വീടുകളിൽ നിന്നും 50/- രൂപ പ്രതിമാസവും , വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ പ്രതിമാസവും) ടിയിനത്തിലുള്ള വരവ് വളരെ കറവായതിനാൽ സേനാംഗങ്ങൾക്ക് വേതനം നൽകാൻ പോലും പര്യാപ്തമാകുന്നില്ല. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ പുറമറ്റം മാർക്കറ്റിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള മിനി എം.സി.എഫ് സ്ഥാപിക്കാൻ ഓഡിറ്റ് വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത വിഷയങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15-4 പഞ്ചായത്ത് വക ഭൂമിയുടെ സംരക്ഷണം

പഞ്ചായത്തിന്റെ കൈവശമുള്ള വസ്തുവിൽ മിക്കവയും പേരിൽ കൂട്ടിയവയല്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തു അന്യാധീനപ്പെടാതിരിക്കുന്നതിന് വസ്തു സെക്രട്ടറിയുടെ പേരിൽ കൂട്ടി കരം അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തുവിന്റെ സംരക്ഷണം ഉറപ്പുവരുത്തുവാൻ (ചുറ്റുമതിൽ നിർമ്മാണം/അളന്ന് തിട്ടപ്പെടുത്തൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ) ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 എസ്.എസ്.എ-വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ യു.പി സ്കൂളിന്റെ സമഗ്രവികസനത്തിനായി എസ്.എസ്.എയ്ക്ക് 200000 രൂപ (പ്രൊ.നം.4/21) 1982101019851നമ്പർ അക്കൗണ്ടിലേക്ക് 28-09-20 തീയതിയിൽ നൽകിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം പ്രവർത്തികളാണ് നടത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച് ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ യിൽ നിന്നും ലഭ്യമായിട്ടില്ല. ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന കൃത്യമായവിവരം പണം നൽകിയ ഏജൻസി എന്ന നിലയ്ക്ക് ഗ്രാമപഞ്ചായത്തിനെ അറിയിക്കുവാൻ എസ്.എസ്.എ അധികൃതർ ബാധ്യസ്ഥരാണ്. ടി പ്രോജക്ട് മുഖേന എസ്.എസ്.എ യ്ക്ക് നൽകിയ 2,00,000 രൂപയുടെ വിനിയോഗം സംബന്ധിച്ച വിശദ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതും എസ്.എസ്.എ.യിൽ ഒടുക്കുന്ന വിഹിതത്തിന് ആനുപാതികമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-17 അഗതി രഹിത കേരളം പദ്ധതി - ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നു

അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ച അഗതി രഹിത കേരളം പദ്ധതി ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.01.2019 തീയതിയിലെ KS/L/13100/2018 -ാം നമ്പർ ഉത്തരവ് മുഖേനയാണ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത്. തയ്യാറാക്കിയ പ്രോജക്ടുകൾ പ്രകാരം മാത്രമേ പദ്ധതി നടപ്പിലാക്കാൻ പാടുള്ളൂ എന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഭവന പുനരുദ്ധാരണത്തിനായി തുക വകയിരുത്താത്ത ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് 40000 രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക |
|---|---|---|
| 1. | രമണി ചന്ദ്രശേഖരൻ<br>ഒറ്റപ്ളാങ്കൽ | 40000 |
| 2. | കുഞ്ഞമ്മ വിജയൻ<br>പുളിക്കത്തടത്തിൽ | 40000 |
| 3. | ചിന്നമ്മ കുഞ്ഞച്ചൻ<br>വേങ്ങക്കൂട്ടത്തിൽ | 40000 |
| 4. | തങ്കപ്പൻ.കെ.റ്റി<br>കാഞ്ഞിരത്താണവേലിൽ | 40000 |
| 5. | കൃഷ്ണൻ കുട്ടി<br>വല്ലത്ത് | 40000 |
| 6. | ലേഖ പുരുഷോത്തമൻ | 40000 |

| | | |
|---|---|---|
| | കാഞ്ഞിരപ്പള്ളി മേപ്രത്ത് | |
| 7. | സജി.സി.പി<br>ചെറുവള്ളിപ്പാറ | 40000 |
| 8. | ബെന്നി മത്തായി<br>കരോട്ട് പുത്തൻ വീട്ടിൽ | 40000 |

29.01.2019 -ൽ ചേർന്ന സി.ഡി.എസ്സ് യോഗത്തിൽ വച്ച് മേൽ വ്യക്തികൾക്ക് ധനസഹായം നൽകുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനിടയായതെന്ന് സി.ഡി.എസ്സ് യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

പഞ്ചായത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ അഗതികൾക്ക് എന്തെല്ലാം പരിമിതികളും ആവശ്യങ്ങളും ഉണ്ടെന്ന് കണ്ടെത്തുന്നതും അർഹതയില്ലാതെ ആനുകൂല്യം വാങ്ങുന്നവരെ കണ്ടെത്തുന്നതിനും സർവ്വേ നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീക്കാണ്. അങ്ങനെ കുടുംബശ്രീ തന്നെ സർവ്വേ നടത്തി ഓരോ ഗുണഭോക്താവിന്റെയും അതിജീവനാവശ്യങ്ങൾ കണ്ടെത്തിയാണ് അഗതി രഹിത കേരളം പദ്ധതി പഞ്ചായത്തിൽ ആവിഷ്കരിച്ചിട്ടുള്ളതും പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും. ഇത്തരത്തിൽ സങ്കീർണ്ണമായ നിരവധി പ്രക്രിയകളിലൂടെ ആവിഷ്കരിച്ച പ്രോജക്ടിൽ ഭവന പുനരുദ്ധാരണത്തിനായി ആനുകൂല്യം നൽകേണ്ട പല ഗുണഭോക്താക്കൾക്കും ധനസഹായം നൽകാതെ, ഇതേ ഘടകത്തിനായി തുക വകയിരുത്താത്ത വ്യക്തികൾക്ക് സി.ഡി.എസ്സ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയത് ഗുരുതരമായ അപാകതയാണ്. പ്രസ്തുത യോഗത്തിലാകട്ടെ സി.ഡി.എസ്സ് മെമ്പർ സെക്രട്ടറിയായ അസിസ്റ്റന്റ് സെക്രട്ടറി ഉൾപ്പെട്ടിട്ടുമില്ല.

പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമമവുമായ നടത്തിപ്പിനായി വിലയിരുത്തൽ സമിതിയോ നിരന്തര വിലയിരുത്തലിനായി ഉപസമിതിയോ രൂപീകരിച്ചതിന്റെയോ യോഗങ്ങൾ ചേർന്നതിന്റെയോ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി(നം.20/25.08.2021) മുഖേന ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അയൽക്കൂട്ട തലത്തിൽ മോണിട്ടറിംഗ് സമിതിയും രൂപീകരിച്ചിട്ടില്ല. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-18 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടുകൾ തിരിച്ചടച്ചില്ല

ബ്ലോക്ക്, ജില്ലാപ്പഞ്ചായത്തുകളിൽ നിന്നും ഗ്രാമപ്പഞ്ചായത്തിന് നേരിട്ട് ലഭിക്കാത്തതും ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലഭിച്ച ഫണ്ടിന്റെ വിവരം | തദ്ദേശ സ്വയംഭരണ സ്ഥാപനം | 31.3.21 ൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | നെൽകൃഷി വികസനം | ജില്ലാപ്പഞ്ചായത്ത് | 34850 |
| 2 | ലൈഫ് (എസ്സ്.സി) | ജില്ലാപ്പഞ്ചായത്ത് | 94034 |
| 3 | ലൈഫ് (ജനറൽ) | ജില്ലാപ്പഞ്ചായത്ത് | 42278 |
| 4 | ക്രിമറ്റോറിയം നിർമ്മാണം | ജില്ലാപ്പഞ്ചായത്ത് | 116377 |
| 5 | എം.സി.എഫ് നിർമ്മാണം | ബ്ളോക്ക് പഞ്ചായത്ത് | 878 |
| 6 | ലൈഫ് | ബ്ളോക്ക് പഞ്ചായത്ത് | 743 |
| | ആകെ | | 289160 |

ധനകാര്യ വകുപ്പിന്റെ 12.04.2006 -ലെ 177/2006 ധന വിനിയോഗ മാർഗ്ഗരേഖ പ്രകാരം സാമ്പത്തിക വർഷത്തിനു ശേഷവും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന

സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ മേൽസൂചിപ്പിച്ച ഫണ്ടുകൾ തുക അനുവദിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ പ്രക്രിയ സുതര്യമാക്കുന്നതിന് എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന നടപ്പിലാക്കാനുള്ള തീരുമാനം ഭരണസമിതി കൈക്കൊള്ളേണ്ടത് ഉചിതമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഓഡിറ്റ് വർഷത്തെ എല്ലാ മരാമത്ത് പ്രവൃത്തികളിലും പഞ്ചായത്തിലെ സ്ഥിരം കരാറുകാരായ മൂന്നോ നാലോ പേരാണ് പങ്കെടുത്തിട്ടുള്ളത്. ഓരോ പ്രവൃത്തിയ്ക്കും രണ്ട് ടെണ്ടറുകൾ വീതം മാത്രമാണ് ലഭിക്കുന്നത്. ഒട്ടുമിക്ക് പ്രവൃത്തികളും എസ്റ്റിമേറ്റ് റേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. ആയതിനാൽ മത്സരാധിഷ്ഠിതമായ ടെണ്ടർ നടപടികൾ സാധിക്കാതെ വരുകയും, പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു
2. കരാറുകാർ ചമയ്ക്കുന്ന പ്രിലിമനിറി എഗ്രിമെന്റും ഫൈനൽ എഗ്രിമെന്റും എല്ലാം അപൂർണ്ണമാണ്. മിക്കതിലും കേവലം കരാറുകാരന്റെ ഒപ്പ് മാത്രമേയുള്ളൂ. ടെണ്ടർ ഫോമുകളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ കരാറുകാരും നിർവ്വഹണ ഉദ്യോഗസ്ഥനും വരുത്തിയിട്ടില്ല. ടെണ്ടർ ഫോമിൽ വരുത്തുന്ന തിരുത്തലുകളും ബന്ധപ്പെട്ട കരാറുകാരനോ അസിസ്റ്റന്റ് എഞ്ചിനീയറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ഈടാക്കുന്നുണ്ട്. ഇപ്രകാരം ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൊഴിലാളി ക്ഷേമനിധി ഇനത്തിൽ തൻ വർഷം 90691 രൂപ മരാമത്ത് പ്രവൃത്തികളിലെ ബില്ലിൽ നിന്നും ഈടാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/ 25.8.2021) അപാകതകൾ പരിഹരിക്കുമെന്നും , കളക്ഷൻ ചാർജ്ജ് തുടർന്നുള്ള ബില്ലുകളിൽ നിന്നും ഈടാക്കാമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുകയും എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ നടപ്പിലാക്കുന്നതിനും ഭരണസമിതിയുടെ ഭാഗത്ത് നിന്നും ശ്രമമുണ്ടാകേണ്ടതാണ്.

## 1-20 മരുന്നു വാങ്ങൽ പദ്ധതി- മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം

പി.എച്ച്.സി.-യ്ക്ക് മരുന്നുവങ്ങൽ പദ്ധതി പ്രകാരം 2,50,000 രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തൈക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നില്ല. ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം. & പേര് | ഫണ്ടിനം | പ്രഫോമ ഇൻവോയിസ് | പ്രഫോമ ഇൻവോയിസ് പ്രകാരമുള്ള തുക | ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ |
|---|---|---|---|---|
| S0088/20-21 പി.എച്ച്.സി.-യ്ക്ക് മരുന്നുവങ്ങൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | PRF5951 Dt. 05.03.2021 | 2,00,000 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാനുണ്ട്. |
| | തനത് ഫണ്ട് | PRF5952 Dt. 05.03.2021 | 50,000 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാനുണ്ട്. |

മരുന്നുകൾ മുഴുവനും ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-21 പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

സാമ്പത്തിക വർഷം സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി 208800 രൂപയുടെ 2 പദ്ധതികൾ വിഭാവനം ചെയ്തിരുന്നെങ്കിലും തുകയൊന്നും ചിലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പദ്ധതിയുടെ പേര് | ഫണ്ട് | വകയിരുത്തിയ |
|---|---|---|---|

| നം. | | | തുക |
|---|---|---|---|
| 1. | S0134/20-21 ബയോഫ്ലോക്ക് മത്സ്യകൃഷി | വികസന ഫണ്ട് (പൊതുവിഭാഗം) | ₹ 73,600 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | ₹ 36,800 |
| 2. | S0135/20-21 വീട്ടുവളപ്പിൽ മത്സ്യകൃഷി | വികസന ഫണ്ട് (പൊതുവിഭാഗം) | ₹ 65,600 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | ₹ 32,800 |

മേൽ പരാർശിച്ചിരിക്കുന്ന പദ്ധതികൾ ഉപേക്ഷിക്കുന്നതിനുണ്ടായ സാഹചര്യമെന്താണെന്ന് ആരാഞ്ഞുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (9/16.08.2021) ഫണ്ട് ഇല്ലാതിരുന്നതിനാലാണ് പദ്ധതി നടപ്പിലാക്കാതിരുന്നതെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഉൾനാടൻ മത്സ്യ ഉല്പാദനം ലക്ഷ്യമാക്കികൊണ്ട് ഉല്പാദനമേഖലയിൽ വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതികൾക്ക് ധാരാളം ആവശ്യക്കാർ ഉണ്ടായിരുന്നതായി പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ സമയബന്ധിതമായി നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതി റിക്വസിഷൻ നൽകാതിരുന്നതിനാലാണ് അലോട്ട്മെന്റ് പ്രകാരമുള്ള തുക കിട്ടാതെ വന്നതും പദ്ധതി ഉപേക്ഷിക്കേണ്ടി വന്നിരിക്കുന്നതും. പദ്ധതി നടത്തിപ്പ് സാമ്പത്തിക വർഷാവസാനത്തേക്ക് മാറ്റിയതിനാലാണ് വികസനഫണ്ട് ലഭിക്കാതെവന്നത്. പദ്ധതി ആസൂത്രണത്തിലെ പിഴവ് മൂലം ലഭിക്കേണ്ടിയിരുന്ന സംസ്ഥാനാവിഷ്കൃത ഫണ്ടും നഷ്ടമായി. തുടർ വർഷങ്ങളിൽ ധാരാളം ആവശ്യക്കാരുള്ള ഉല്പാദന മേഖലയിലുള്ള ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 250000 | 11,13 വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 250000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 552500 | നെൽകൃഷി വികസന പദ്ധതി (SO) | 552500 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 722500 | നെൽകൃഷി വികസന പദ്ധതി | 722500 | 0 |

| | | | | |
|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 977816 | ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങൽ | 977816 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 988000 | ലൈഫ് ഭവന പദ്ധതി- മൂന്നാം ഘട്ടം (SCP) | 988000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 500000 | ലൈഫ് ഭവന പദ്ധതി- മൂന്നാം ഘട്ടം (ജനറൽ) | 500000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 100000 | വൃദ്ധർക്ക് കട്ടിൽ | 100000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 100000 | അംഗൻവാടികൾക്ക് പോഷകാഹാരം | 100000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 823312 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം - രണ്ടാം ഘട്ടം | 823312 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 300000 | നെൽകൃഷി വികസന പദ്ധതി (SO) | 300000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | നെൽകൃഷി വികസന പദ്ധതി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1400000 | ഇടവിള കൃഷി | 1400000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 80090 | പാലിയേറ്റീവ് കെയർ | 80090 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 242278 | ലൈഫ് ഭൂരഹിതർക്ക് ഭൂമി | 242278 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 870000 | ലൈഫ് പദ്ധതി (ജനറൽ) | 870000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 320000 | ലൈഫ് പദ്ധതി (എസ്.സി.പി) | 320000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | ആശ്രയ പദ്ധതി | 100000 | 0 |
| പത്തനംതിട്ട | 200000 | ക്ഷീരകർഷകർക്ക് പാലിന് | 200000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | സബ്സിഡി (SO) | | |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 66000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (SO) | 66000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഇടത്തറ സങ്കേതം കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ (50/21) | 2005095201109003111151/ 2.7.2020 | 91000 | 0 | 91000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ /വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2408105 | 2052811 | 292706 | 0 | 1760105 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 854 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2002-03 | 3-3(2) | 427 | ശ്രീ. സജി ചാക്കോ, മെമ്പർ | 120020100161/21.5.2020 |
| 2002-03 | 3-3 (2) | 427 | ശ്രീമതി ഏലിയാമ്മ | 120020100162/21.5.2020 |

| | | | | |
|---|---|---|---|---|
| | | | വർഗ്ഗീസ് , മെമ്പർ | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014/15 | 2-4 | 2016/17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-6 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-7 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-8 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-9 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2016/17 | 2-4 | 2016/17 | വസ്തുനികുതി പരിഷ്കരണനടപടികൾക്ക് സ്ഥിരീകരണമില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58777204 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48033425 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 ജനകീയാസൂത്രണം | എൽ.എഫ്.പിറ്റിഎ.പി3-45/04 തീയതി 06.05.04/12.07.04 | 2 |
| 2001-02 (വരവ്) | എൽ.എഫ്.പിറ്റിഎ.പി5-780/11 തീയതി 27.06.11 / 07.12.13 | 2 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി3-724/05 തീയതി 23.03.06 / 05.05.2006 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി5-588/07 തീയതി 13.02.2008 | 18 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി7-355/10തീയതി 04.10.10 | 8 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പ7-356/10 തീയതി 04.10.10 | 11 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി5-1094/11 തീയതി 06.12.11/07.12.2013 | 19 |
| 2008-09 | എൽ.എഫ്.പിറ്റിഎ.പി5-404/12 തീയതി 20.09.2011/29.11.2012 | 6 |
| 2009-10 | എൽ.എഫ്.പി.റ്റിഎ.പി5-405/12 തീയതി 02.08.14/09 | 4 |
| 2010-11 | എൽ.എഫ്.പിറ്റിഎ.പി5-406/12 തീയതി 07.06.2012/03.04.14 | 9 |
| 2011-12മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റിഎ.പി8-149/14 തീയതി 24.04.14/14.11.14 | 9 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി8-572/15 തീയതി 08.07.2015 | 12 |
| 2014-15 | കെ.എസ്.എ.പിറ്റി.എ.പി8-749/16 തീയതി 16.07..2016 | 9 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി8-1359/16 തീയതി 24.12.2016 | 20 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി8-1131/17 തീയതി 04.10.2017 | 18 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി8-1574/18 തീയതി 15.12.2018 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി8-786/19 തീയതി 19.9.2019 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി8-581/2021 തീയതി 28.9.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്